08-04-2023

SATURDAY ശനിയാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : PADMAM S.** **Editor : Dr. BINU HARRIET IVAN**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–08/04/2023.

1. കേരള സംസ്ഥാന കടാശ്വാസ കമ്മീഷൻ മുഖേന കാർഷിക വായ്പകൾക്ക് നൽകിവരുന്ന ആനുകൂല്യത്തിനായി കർഷകർക്ക് ജൂൺ 30 വരെ അപേക്ഷിക്കാവുന്നതാണ്. കടാശ്വാസ കമ്മീഷൻ മുഖേന കാർഷികവായ്പകൾക്കു നൽകിവരുന്ന കടാശ്വാസത്തിന് പരിഗണിക്കാവുന്ന വായ്പാ തീയതി ഇടുക്കി, വയനാട് ജില്ല ഒഴികെ മറ്റു എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2016 മാർച്ച് 31 വരെയും ഇടുക്കി വയനാട് ജില്ലകളിലെ കർഷകർക്ക് 2020 ആഗസ്റ്റ് 31 വരെയും ആയി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നതിനായി 2023 ജനുവരി 1 മുതൽ ജൂൺ 30 വരെ കേരള സംസ്ഥാന കടാശ്വാസ കമ്മീഷനിൽ കർഷകർക്ക് കടാശ്വാസത്തിന് അപേക്ഷ നൽകാവുന്നതാണ്. കർഷകർ സഹകരണ ബാങ്കുകളിൽ/സംഘങ്ങളിൽ നിന്നും എടുത്ത വായ്പകൾക്ക് കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ മുഖേന നിലവിൽ പരമാവധി രണ്ട് ലക്ഷം രൂപ വരെയാണ് കടാശ്വാസം അനുവദിച്ചു വരുന്നത്.

2. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കരാർ ഫാമുകൾ വളർത്തിയെടുത്ത 40 മുതൽ 45 ദിവസം വരെ പ്രായമുള്ള, ശരാശരി 2.0 കിലോയ്ക്ക് മുകളിൽ തൂക്കമുള്ളതുമായ ഇറച്ചിക്കോഴികൾ വിൽപ്പനയ്ക്കായി തയ്യാറായിട്ടുണ്ട്. താൽപ്പര്യമുള്ളവർ **0471-2478585, 2468585, 9495000922** എന്നീ നമ്പരുകളിൽ ബന്ധപ്പെട്ടോ, kepcopoultry@gmail.com. എന്ന ഇ-മെയിൽ വിലാസത്തിലോ എടുക്കാൻ കഴിയുന്ന നിരക്ക് അറിയിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ടി.സി. 30/697, പേട്ട, തിരുവനന്തപുരം 695024

3. റബ്ബർബോർഡ് യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് റബ്ബർതൈകൾക്ക് ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നു. വടക്കുകിഴക്കൻ മേഖലയിലെ എൻ.ഇ. മിത്ര പദ്ധതിയിൽ ഉൾപ്പെടുന്ന തോട്ടങ്ങൾക്കും പരമ്പരാഗതമേഖലയിലെ തോട്ടങ്ങൾക്കുമാണ് ഈ പദ്ധതിയിലൂടെ ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ കഴിയുക. മരമൊന്നിന് രണ്ടു രൂപയാണ് പ്രതിവർഷ പ്രീമിയം. അപക്വകാലഘട്ടത്തിൽ (ഒന്നു മുതൽ ഏഴു വരെ വർഷം പ്രായമായ തൈകൾ) ഉള്ള തൈ ഒന്നിന്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

പരമാവധി 300 വരെ രൂപയും ടാപ്പുചെയ്യുന്നതിന് പാകമായ ഒരു മരത്തിന് പരമാവധി 1000 വരെ രൂപയും നഷ്ടപരിഹാരം ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് റീജിയണൽ റബ്ബർബോർഡ് കോൾസെന്ററുമായി **04812576622** ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2022 2023 വർഷം നടപ്പിലാക്കുന്ന ഗോ ജീവ സുരക്ഷ (സഞ്ചരിക്കുന്ന മൃഗാശുപത്രി) പദ്ധതിയുടെ സേവനം ഇന്ന് (ഏപ്രിൽ 8) വരെ പൂതാടി ഗ്രാമപഞ്ചായത്തിലെ ക്ഷീര കർഷകർക്ക് ലഭ്യമാകും. പ്രവർത്തിസമയം- രാവിലെ 10 മുതൽ വൈകിട്ട് 5 വരെ. സേവനം ആവശ്യമുള്ള കർഷകർക്ക് ക്ഷീരസംഘങ്ങൾ മുഖേനയോ, നേരിട്ടോ ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9074583866** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

**വിളകളിൽ വേനൽക്കാല പരിപാലന നിർദ്ദേശങ്ങൾ**

**5. പച്ചക്കറിവിളകൾ**

അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ പച്ചക്കറികളിൽ നീരൂറ്റി കുടിക്കുന്ന പ്രാണികൾ കാണാൻ സാധ്യതയുണ്ട്. ഇവയെ നിയന്ത്രിക്കുന്നതിനായി ആഴ്ചയിലൊരിക്കൽ 2% വീര്യമുള്ള വേപ്പെണ്ണ വെളുത്തുള്ളിമിശ്രിതം തളിക്കുക. അല്ലെങ്കിൽ 20 ഗ്രാം *ലക്കൊനിസീലിയം ലക്കാനി* ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുക.

വിളകളിലെ കീടനിയന്ത്രണത്തിന് കഴിവതും ജൈവകീടനാശിനികൾ ഉപയോഗിക്കുവാൻ ശ്രദ്ധിക്കുക. ജൈവകീടനാശിനികൾ തയ്യാറാക്കി അന്നുതന്നെ ഉപയോഗിക്കണം. പുകയില കഷായം, വേപ്പിൻകുരു മിശ്രിതം, വേപ്പെണ്ണ വെളുത്തുള്ളി മിശ്രിതം എന്നിവ നല്ല ജൈവകീട നാശിനികളാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം